

# സമ്പൂർണ്ണകൃതികൾ: ഭാഗം VII

കെ. ദാമോദരൻ



## 6. പുരോഗമനസാഹിത്യ സംഘടനയുടെ തകർച്ച: കാരണങ്ങളെക്കുറിച്ച് ഒരിക്കൽക്കൂടി

സമ്പൂർണ്ണകൃതികൾ: ഭാഗം VII

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


6 പുരോഗമനസാഹിത്യസംഘടനയുടെ തകർച്ച 1

1 നമ്പൂതിരിപ്പാടിന്റെ നിഗമനം . . . . . 2

2 ഉത്തരം കിട്ടേണ്ട ചോദ്യങ്ങൾ . . . . 3

3 വാക്കിനെച്ചൊല്ലി തർക്കം വേണ്ട . . 4

4 തകർച്ചയുടെ മുഖ്യകാരണം . . . . . . 5

# 6

# പുരോഗമനസാഹിത്യ സംഘടനയുടെ തകർച്ച: കാരണങ്ങളെക്കുറിച്ച് ഒരിക്കൽക്കൂടി

പുരോഗമനസാഹിത്യസംഘടനയുടെ തകർച്ചയെപ്പറ്റിയുള്ള എന്റെ വിശകലനം (നവയുഗം ജൂൺ 19, 26) രണ്ടുഭാഗത്തുനിന്നു ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒമ്പതാം കോൺഗ്രസ്സിനോടനുബന്ധിച്ച് എറണാകുളത്തുവച്ചുകൂടിയ സാഹിത്യസമ്മേളനത്തിലവതരിപ്പിച്ച "പുരോഗമനസാഹിത്യകാരന്റെ ഇന്നത്തെ കടമ" എന്ന തന്റെ പ്രബന്ധത്തിൽ വൈക്കം ചന്ദ്രശേഖരൻനായർ പറഞ്ഞു:

"കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാർക്ക്, അതായത് സാഹിത്യകാരൻ തൊഴിലാളിവർഗ്ഗപാർട്ടിയുടെ ചിട്ട അംഗീകരിക്കണമെന്നുവാദിച്ച സാഹിത്യകാരന്മാർക്ക്, ഇതര സാഹിത്യകാരന്മാരുമായി യോജിക്കാൻ കഴിഞ്ഞില്ല. മറ്റു സാഹിത്യകാരന്മാരാകട്ടെ, കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാരുടെ നിലപാട് അംഗീകരിച്ചുമില്ല. അങ്ങനെയാണ് പുരോഗമനസാഹിത്യസംഘടന ആദ്യം ദുർബലമാവുകയും, പിന്നെ പ്രവർത്തനരഹിതമാവുകയും ചെയ്തത്" (പേജ് 6).

ഈ പ്രസ്താവനയ്ക്ക് സത്യവുമായി യാതൊരു ബന്ധവുമില്ല. ഏതു കമ്മ്യൂണിസ്റ്റ് സാഹിത്യകാരൻ,എവിടെവെച്ച്, എപ്പോളാണ്, ഇങ്ങിനെയൊരു വിഡ്ഢിത്തം പറഞ്ഞതെന്ന് വൈക്കം ചൂണ്ടിക്കാണിക്കേണ്ടതായിരുന്നു. എന്റെ അറിവിൽ പെട്ടേടത്തോളം കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാരാരും തന്നെ സാഹിത്യകാരൻ തൊഴിലാളിവർഗ്ഗപാർട്ടിയുടെ ചിട്ട അംഗീകരിക്കണമെന്നു വാദിക്കുകയുണ്ടായിട്ടില്ല.

കാൽനൂറ്റാണ്ടിനുമുമ്പ് കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാരെപ്പറ്റി ഇത്തരമൊരാക്ഷേപം ആദ്യമായി ഉന്നയിച്ച മുണ്ടശ്ശേരിമാസ്റ്റർപോലും വൈക്കത്തോളം പോയില്ല. കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാർ മറ്റു സാഹിത്യകാരന്മാരോടെല്ലാം പാർട്ടിയുടെ ചിട്ടയംഗീകരിക്കാനാവശ്യപ്പെട്ടു എന്നതായിരുന്നില്ല അദ്ദേഹത്തിന്റെ ആക്ഷേപം. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗങ്ങളായിച്ചേരുന്ന സാഹിത്യകാരന്മാർക്ക് പാർട്ടിയുടെ പട്ടാളച്ചിട്ടക്കുവഴങ്ങേണ്ടി വരുമെന്നും അവർക്കു ഹൃദയച്ചുരുക്കം സംഭവിക്കാം എന്നും മാത്രമേ അദ്ദേഹം പറഞ്ഞുള്ളു. ഉടൻതന്നെ ഞാനും എം.എസ്സ് ദേവദാസ്സും മുണ്ടശ്ശേരിയുടെ വാദങ്ങളെ ഖണ്ഡിച്ചുകൊണ്ട് 'കമ്മ്യൂണിസ്റ്റ്' വാരികയിൽ ഓരോ ലേഖനമെഴുതുകയും ചെയ്തു. 'കമ്മ്യൂണിസ്റ്റ് വാരിക ഇപ്പോൾ എന്റെ കൈവശമില്ലാത്തതുകൊണ്ട് ആ ലേഖനങ്ങളിൽനിന്നു പ്രസക്തമായ ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കാൻ നിവൃത്തിയില്ല. എന്നാൽ, പിന്നീടു ഞാനെഴുതിയ ഒരു പ്രബന്ധം ഇപ്പോൾ എന്റെ പക്കലുണ്ട്. അതിലെ ഒരു ഭാഗം ഉദ്ധരിക്കട്ടെ:

രാഷ്ട്രീയപ്പാർട്ടികളുടെ പട്ടാളച്ചിട്ടയ്ക്കുള്ളിൽ നിന്നുകൊണ്ട് രാഷ്ട്രീയനേതാക്കന്മാരുടെ നിർദ്ദേശങ്ങൾക്കുംമാറിമാറി വരുന്ന നയപരിപാടികൾക്കുമനുസരിച്ച് സാഹിത്യം നിർമ്മിക്കുന്നവരാണ് പുരോഗമനസാഹിത്യകാരന്മാർ എന്നു ചിലർ പറഞ്ഞു നടക്കാറുണ്ട്. ഇത് തനി അസംബദ്ധമാണ്. പാർട്ടിസെക്രട്ടറിയുടെ സർക്കുലറുകളനുസരിച്ച് സാഹിത്യം നിർമ്മിക്കുവാൻ യാതൊരു സാഹിത്യകാരനും സാധിക്കുകയില്ല. അത്രയ്ക്കു വ്യക്തിത്വമില്ലാത്ത ഒരു മരപ്പാവയല്ല സാഹിത്യകാരൻ.

> "മറ്റെല്ലാവരേയുംപോലെത്തന്നെ സാഹിത്യകാരനും തനിക്കിഷ്ടമുള്ള പാർട്ടിയിൽ ചേരാൻ സ്വാതന്ത്ര്യമുണ്ട്. ഒരു പാർട്ടിയിലും ചേരാതിരിക്കാനുള്ള സ്വാതന്ത്ര്യവുമുണ്ട്. ഏതെങ്കിലും ഒരു രാഷ്ട്രീയപ്പാർട്ടിയിൽ മെമ്പറായിത്തീരുന്ന സാഹിത്യകാരൻ മറ്റു മെമ്പർമാരെപ്പോലെത്തന്നെ തന്റെ പാർട്ടിയുടെ നയപരിപാടികൾ നടപ്പിൽ വരുത്താൻ ശ്രമിക്കുന്നത് സ്വാഭാവികമാണ്. പക്ഷേ, പാർട്ടിയുടെ കൽപനയനുസരിച്ച്, തന്നെ വികാരഭരിതനാക്കാത്ത എന്തിനെയെങ്കിലുംക്കുറിച്ച് സാഹിത്യം നിർമ്മിക്കാൻ അയാൾക്കു സാധിക്കുകയില്ല. അങ്ങിനെയെന്തെങ്കിലുമെഴുതിയാൽ ആ സാഹിത്യകൃതി വായനക്കാരുടെ വൈകാരികമണ്ഡലത്തിൽ യാതൊരു സ്വാധീനവും ചെലുത്തില്ല: എന്നുവെച്ചാൽ, അതു സാഹിത്യമാവുകയില്ല".
>
> — (പുരോഗമനസാഹിത്യം എന്ത്, എന്തിന്? പേജ് 14, 15)

ഞാനിത്രയും എഴുതിയത് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ മെമ്പർമാരായിത്തീർന്ന സാഹിത്യകാരന്മാരോടും മറ്റു ബുദ്ധിജീവികളോടും പാർട്ടിനേതൃത്വം എടുത്തുപോന്ന നിലപാടിനെ ന്യായീകരിക്കാനല്ല. ആ നിലപാട് തെറ്റാണെന്ന് എനിക്കഭിപ്രായമുണ്ടുതാനും. പക്ഷേ, അതല്ലല്ലോ ഇവിടെ വിഷയം. പുരോഗമന സാഹിത്യസംഘടന ആദ്യം ദുർബലമാവുകയും പിന്നെ പ്രവർത്തനരഹിതമാവുകയും ചെയ്തതിന്റെ കാരണം വൈക്കം ചന്ദ്രശേഖരൻ നായർ ചൂണ്ടികാണിച്ചതല്ല എന്നു വ്യക്തമാക്കാനേ ഞാനീലേഖനത്തിൽ ഉദ്ദേശിച്ചിട്ടുള്ളു.

## 1 നമ്പൂതിരിപ്പാടിന്റെ നിഗമനം

ഇ.എം.എസ്സ്. നമ്പൂതിരിപ്പാടിന്റെ അഭിപ്രായത്തിൽ പുരോഗമനസാഹിത്യസംഘടന തകർന്നുപോയതിന്റെ കാരണം മറ്റൊന്നാണ്. ‘ദേശാഭിമാനി’ റിപ്പബ്ലിക്ക് വിശേഷാൽപ്രതിയിൽ അദ്ദേഹം എഴുതി:

> “ദേശീയസ്വാതന്ത്ര്യം, നാട്ടുരാജ്യപ്രദേശങ്ങളടക്കം ഇന്ത്യയിലെല്ലായിടത്തും പാർലിമെണ്ടറിജനാധിപത്യം, മതേതരരാഷ്ട്രീയം, ഭൂനിയമപരിഷ്കാരം മുതലായി പുരോഗമന സാഹിത്യകാരന്മാർ മുഖ്യമായി കണക്കാക്കിയിരുന്നതെല്ലാം സാധിച്ചുകഴിയുകയോ സാധിക്കാമെന്ന സ്ഥിതിയുളവാകുകയോ ചെയ്തുവെന്ന നിഗമനത്തിലേയ്ക്ക് കമ്മ്യൂണിസ്റ്റിതര സാഹിത്യകാരന്മാർ നീങ്ങി. കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാരാകട്ടെ, ഇതിൽ കഠിനമായി വിയോജിപ്പു പ്രകടിപ്പിച്ചു. അങ്ങിനെ, സാഹിത്യകാരന്റെ ‘ഉദ്ദേശ്യ’ത്തെക്കുറിച്ച് രണ്ടു ചിന്താഗതികളും രണ്ടു സമീപനങ്ങളും പരസ്പരം ഏറ്റുമുട്ടി. തങ്ങൾക്കു സ്വീകാര്യമല്ലാത്തത് തങ്ങളുടെ മേൽ വെച്ചുകെട്ടാനാണ് മറുചേരി ശ്രമിക്കുന്നതെന്ന പരാതി ഇരുവർക്കും അന്യോന്യം ഉണ്ടായി. അങ്ങിനെ പുരോഗമന സാഹിത്യപ്രസ്ഥാനം തകർന്നു നാമാവശേഷമായി”.

കഴിഞ്ഞ സെപ്തംബർ മാസത്തിൽ കോട്ടയത്തുവെച്ചുനടന്ന സാഹിത്യസെമിനാറിൽ നമ്പൂതിരിപ്പാട് പറഞ്ഞതിങ്ങനെയാണ്.

> “മൗലികമായ രണ്ട് അഭിപ്രായസരണികളുള്ള സാഹിത്യകാരന്മാരുടെ ഐക്യമായിരുന്നു പുരോഗമനസാഹിത്യപ്രസ്ഥാനം. തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വം അംഗീകരിക്കുന്ന സാഹിത്യകാരന്മാരും അതിനു തയ്യാറില്ലാത്ത സാഹിത്യകാരന്മാരും തമ്മിൽ യോജിക്കാൻ വയ്യാത്ത ഒരു അവസ്ഥ 1947 ആഗസ്റ്റ് 15 മുതൽ നിലവിൽവന്നു. തൊഴിലാളിവർഗ്ഗത്തിന്റെ താല്പര്യങ്ങളുടെ അടിസ്ഥാനത്തിൽ ചിന്തിക്കുന്ന സാഹിത്യകാരന്മാരും അങ്ങിനെയല്ലാതെ പൊതുജനാധിപത്യത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കുന്നവരും തമ്മിൽ ഈ പുതിയ പരിതഃസ്ഥിതിയിൽ ഏറ്റുമുട്ടൽ അനിവാര്യമായിരുന്നു. അതിനുകാരണം ഇ.എം.എസ്സിന്റെ സെക്ടേറിയൻനയമല്ല. ബൂർഷ്വ അധികാരക്കൈമാറ്റംകൊണ്ടുണ്ടായ പുതിയ രാഷ്ട്രീയ കാലാവസ്ഥയാണ്. ഇതംഗീകരിക്കാൻ ഗുരുവായൂരിൽ കൂടിയ വലതുസാഹിത്യകാരന്മാർ തയ്യാറായില്ല. അവരുടെ രാഷ്ട്രീയനയവും അതുതന്നെയാണല്ലോ”.
>
> — (ചിന്ത 1971 സെപ്തംബർ 24)

നമ്പൂതിരിപ്പാട് ആവർത്തിച്ചാവർത്തിച്ചു പറയുന്നതിന്റെ ചുരുക്കമിതാണ്: 1947 ആഗസ്റ്റ് 15-ന് ഇന്ത്യക്കു സ്വാതന്ത്ര്യം കിട്ടി. അതോടെ ബൂർഷ്വാ പെറ്റിബൂർഷ്വാ സാഹിത്യകാരന്മാർക്ക് തങ്ങളുടെ ലക്ഷ്യങ്ങളെല്ലാം നേടാൻ സാധിച്ചു: അല്ലെങ്കിൽ അവ നേടാനുള്ള സാദ്ധ്യതകളുളവായി. തൊഴിലാളിവർഗ്ഗസാഹിത്യകാരന്മാർക്കുമാത്രം തങ്ങളുടെ ലക്ഷ്യം നേടാനുള്ള പരിസ്ഥിതി സംജാതമായില്ല.അതുകൊണ്ട് കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാരും കമ്മ്യൂണിസ്റ്റുകാരല്ലാത്ത സാഹിത്യകാരന്മാരും തമ്മിലുള്ള ഏറ്റുമുട്ടൽ അനിവാര്യമായിത്തീർന്നു. അങ്ങിനെ മൗലികമായ രണ്ട് അഭിപ്രായസരണികളുള്ള സാഹിത്യകാരന്മാർ തമ്മിലുള്ള ഐക്യം തകർന്നു. അതോടെ പുരോഗമനസാഹിത്യസംഘടനയും തകർന്ന് നാമാവശേഷമായി.

## 2 ഉത്തരം കിട്ടേണ്ട ചോദ്യങ്ങൾ

ഈ നിഗമനം ശരിയാണെങ്കിൽ 1971 ആയപ്പോഴേയ്ക്കും വീണ്ടും ഒരു ഐക്യമുന്നണിയുടെ ആവശ്യം എങ്ങിനെയുണ്ടായി? മാർക്സിസ്റ്റ് കാഴ്ചപ്പാടോടുകൂടി എഴുതുന്ന തൊഴിലാളിവർഗ്ഗസാഹിത്യകാരന്മാർ മാർക്സിസ്റ്റുവീക്ഷണത്തിലല്ലെങ്കിലും പുരോഗമനം പുലർത്തുന്നവരുമായി ബന്ധം സ്ഥാപിക്കണമെന്നും "ഈ യോജിപ്പ് അനിവാര്യമാണ്" എന്നും നമ്പൂതിരിപ്പാട് ഇപ്പോൾ പറയുന്നതെന്തുകൊണ്ടാണ്? (ദേശാഭിമാനി വാരിക, ഡിസംബർ 5ന്റെ ലക്കം നോക്കുക) തൊഴിലാളിവർഗ്ഗ സാഹിത്യകാരന്മാരും ബൂർഷ്വാ പെറ്റിബൂർഷ്വസാഹിത്യകാരന്മാരും തമ്മിലുള്ള മൗലികമായ അഭിപ്രായവ്യത്യാസങ്ങൾ അവസാനിച്ചുവോ? തൊഴിലാളിവർഗ്ഗസാഹിത്യകാരന്മാർ തങ്ങളുടെ ലക്ഷ്യം നേടിക്കഴിഞ്ഞുവോ? അല്ലെങ്കിൽ, ബൂർഷ്വാ പെറ്റിബൂർഷ്വാസഹിത്യകാരന്മാർ തൊഴിലാളിവർഗ്ഗസാഹിത്യകാരന്മാരുടെ ലക്ഷ്യം സ്വീകരിച്ചുവോ? 1948ലെ അനിവാര്യമായ ഭിന്നിപ്പ് 1971 ആയപ്പോഴേയ്ക്കും അനിവാര്യമായ യോജിപ്പിലെത്തിയതെങ്ങനെയാണ്?

ഈ ചോദ്യങ്ങൾ ചോദിക്കുന്നതിനുമുമ്പ് മറ്റൊരു ചോദ്യമാണ് ചോദിക്കേണ്ടത്. 1947 ആഗസ്റ്റ് 15ന് ഇന്ത്യയ്ക്കു — ഇന്ത്യയിലെ ബൂർഷ്വാസിയ്ക്കെങ്കിലും — സ്വാതന്ത്ര്യം കിട്ടി എന്നു കമ്മ്യൂണിസ്റ്റുസാഹിത്യകാരന്മാർ അംഗീകരിച്ചതെന്നാണ്. 1948-ൽ തൃശ്ശൂർസമ്മേളനത്തിൽവെച്ചു പുരോഗമനസാഹിത്യസംഘടന പിളർക്കപ്പെട്ട സമയത്ത് ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടികഴിഞ്ഞിരുന്നുവോ? ഇല്ലെന്നാണ് ഞാനും നമ്പൂതിരിപ്പാടും ഞങ്ങൾ രണ്ടാളുമുൾപ്പെട്ട ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും ഉച്ചൈസ്തരം ഉൽഘോഷിച്ചത്.

1948-ൽ കൽക്കട്ടയിൽവെച്ചു കൂടിയ ഇന്ത്യൻകമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രണ്ടാം കോൺഗ്രസ്സംഗീകരിച്ച രാഷ്ട്രീയ തീസിസ്സിൽ ഞങ്ങളൂന്നിപ്പറഞ്ഞത് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയിട്ടില്ല എന്നാണ്. ദേശീയബൂർഷ്വാസിയും അവരെ പ്രതിനിധാനം ചെയ്യുന്ന ദേശീയനേതൃത്വവും സ്വാതന്ത്ര്യസമരത്തെ വഞ്ചിച്ചു: ചില സൗജന്യങ്ങൾ കിട്ടിയപ്പോൾ അവർ സാമ്രാജ്യമേധാവികളുടെ കൂട്ടുകൂടി; 1945 ആഗസ്റ്റ് 15 ന് അധികാരക്കൈമാറ്റത്തിന്റെ ഫലമായി വന്നതു സാമ്രാജ്യത്വത്തെ ആശ്രയിച്ചു നില്ക്കുന്ന ഒരു പാവസ്റ്റേറ്റാണ്; യാഥാർത്ഥമായ ആധിപത്യം സാമ്രാജ്യാധിപത്യത്തിന്റേതു തന്നെയാണ് — ഇതായിരുന്നു 1948-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കാഴ്ചപ്പാട്. ഇന്ത്യയും ലോകവും വളരെയധികം മുന്നോട്ടുപോവുകയും കമ്മ്യൂണിസ്റ്റ് പാർട്ടിക്കുള്ളിൽത്തന്നെ നീണ്ടുനിന്ന ആഭ്യന്തരസമരങ്ങൾ നടക്കുകയും ചെയ്തതിനുശേഷം ഒടുവിൽ 1955-ൽ മാത്രമാണ് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയെന്ന യാഥാർത്ഥ്യം കഷ്ടിച്ചു സമ്മതിക്കാൻ പാർട്ടിനേതൃത്വം തയ്യാറായത്. അപ്പോൾപ്പിന്നെ ഇന്ത്യയ്ക്കു സ്വതന്ത്ര്യം കിട്ടിയതിനെത്തുടർന്നുണ്ടായ അഭിപ്രായവ്യത്യാസങ്ങളാണ് 1948-ൽ പുരോഗമനസാഹിത്യസംഘടനയെ തകർത്തുകളഞ്ഞതെന്ന് എങ്ങിനെ വാദിക്കാൻ കഴിയും?

# 3 വാക്കിനെച്ചൊല്ലി തർക്കം വേണ്ട

കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാർക്കു സെക്ടേറിയൻ തെറ്റുകൾ പറ്റിയിട്ടുണ്ടാവാം. എന്നു തന്റെ ഒരു ലേഖനത്തിൽ തമ്പൂതിരിപ്പാടു സമ്മതിക്കുന്നുണ്ട്. പക്ഷേ, തെറ്റുകൾ പറ്റി എന്നു പറയുന്നില്ല. മറ്റൊരുലേഖനത്തിൽ പുരോഗമനസാഹിത്യസംഘടനയുടെ തകർച്ചയ്ക്കു കാരണം ഇം.എം. എസ്സിന്റെ സെക്ടേറിയനിസമല്ല എന്നു തറപ്പിച്ചുപറയുന്നുണ്ട്. അതുകൊണ്ട് 'സെക്ടേറിയനിസം' എന്ന വാക്കിനെച്ചൊല്ലി തർക്കിച്ചിട്ടു കാര്യമില്ല.

> 1947 ആഗസ്റ്റ് 15 മുതൽ നിലവിൽ വന്ന പുതിയ രാഷ്ട്രീയകാലാവസ്ഥയിൽ കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാരും മറ്റു പുരോഗമനസാഹിത്യകാരന്മാരും തമ്മിൽ ഏറ്റുമുട്ടൽ അനിവാര്യമായിരുന്നു എന്നും 'ഇതംഗീകരിക്കാൻ ഗുരുവായൂരിൽ കൂടിയ വലതു സാഹിത്യകാരന്മാർ തയ്യാറായില്ല; അവരുടെ രാഷ്ട്രീയനിയമവും അതു തന്നെയാണല്ലോ' എന്നും നമ്പൂതിരിപ്പാട് പറയുന്നു
>
> — (ചിന്ത, 1971 സെപ്തംബർ 24)

ഗുരുവായൂർ സമ്മേളനത്തിലവതരിപ്പിച്ച പ്രബന്ധത്തിൽ പുരോഗമനസാഹിത്യസംഘടനയുടെ തകർച്ചയെപ്പറ്റി ഞാൻ പറഞ്ഞത് ശരിയല്ലായിരിക്കുമോ? എന്റെ 'വലത്' രാഷ്ട്രീയനയത്തിന്നൊപ്പിച്ച് ഞാൻ ചരിത്രസത്യങ്ങളെ വളച്ചൊടിക്കുകയോ മൂടിവെയ്ക്കുകയോ ചെയ്തു എന്നുവന്നുകൂടേ?

വരട്ടെ. എന്റെ പ്രബന്ധത്തിലേക്ക് കടക്കുന്നതിന്നുമുമ്പ് നമ്പൂതിരിപ്പാടിന്റെ ലേഖനങ്ങൾ നമുക്കൊരിക്കൽക്കൂടി ശ്രദ്ധിച്ചു വായിച്ചുനോക്കാം.

## 4 തകർച്ചയുടെ മുഖ്യകാരണം

നമ്പൂതിരിപ്പാട് വാക്കുകളുപയോഗിക്കുന്നത് വളരെ സൂക്ഷിച്ചാണ്. ‘ചിന്ത’യിൽ അദ്ദേഹം എഴുതിയത് 1947 ആഗസ്റ്റ് 15-ന ‘ബൂർഷ്വാഅധികാരക്കൈമാറ്റം കൊണ്ടുണ്ടായ പുതിയ രാഷ്ട്രീയ കാലാവസ്ഥയെപ്പറ്റിയാണ്. ഈ പുതിയ രാഷ്ട്രീയ കാലാവസ്ഥ രാഷ്ട്രീയ സ്വതന്ത്ര്യത്തിന്റെ കാലാവസ്ഥയാണെന്ന് അദ്ദേഹം പറയുന്നില്ല. ദേശാഭിമാനി റിപ്പബ്ലിക്ക് വിശേഷാൽ പ്രതിയിലെ ലേഖനത്തിൽ ഇതു കൂടുതൽ വ്യക്തമാകുന്നുണ്ട്. ദേശീയസ്വാതന്ത്ര്യമെന്ന ലക്ഷ്യം സാധിച്ചുകഴിയുകയോ സാധിക്കുമെന്ന സ്ഥിതിയുളവാകുകയോ ചെയ്തു എന്ന കമ്മ്യൂണിസ്റ്റിതരസാഹിത്യകാരന്മാരുടെ നിഗമനത്തിൽ കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാർ കഠിനമായ വിയോജിപ്പ് പ്രകടിപ്പിച്ചു എന്നദ്ദേഹം സമ്മതിക്കുന്നു. ഈ വിശകലനത്തിൽ സത്യത്തിന്റെ സൂചനകൾ കാണാം. യഥാർത്ഥത്തിൽ ഇതുതന്നെയായിരുന്നു ഭിന്നിപ്പിന്റെ രാഷ്ട്രീയകാലാവസ്ഥ. കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാർ ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയില്ലെന്നും സ്വാതന്ത്ര്യസമരത്തെ വഞ്ചിച്ച ജവഹർലാൽ നെഹ്റു ആംഗ്ലോ അമേരിക്കൻ സാമ്രാജ്യത്വമൂരാച്ചികളുടെ പാവമാത്രമാണെന്നും വീറോടെ വാദിച്ചുനടക്കുന്ന കാലമായിരുന്നു അത്. കമ്മ്യൂണിസ്റ്റ്കാരല്ലാത്ത പുരോഗമനസാഹിത്യകാരന്മാരാകട്ടെ, ദേശീയസ്വാതന്ത്ര്യമെന്ന ലക്ഷ്യം സാധിച്ചുകഴിയുകയോ സാധിക്കാമെന്ന സ്ഥിതിയുളവാകുകയോ ചെയ്തു എന്നു വിശ്വസിച്ചു. ഇങ്ങനെയൊരഭിപ്രായവ്യത്യാസം ഉണ്ടായിരുന്നു എന്ന കാര്യം ഞാൻ നിഷേധിക്കുന്നില്ല. പക്ഷേ. “തങ്ങൾക്കു സ്വീകാര്യമല്ലാത്തതു തങ്ങളുടെമേൽ വെച്ചുകെട്ടാനാണ് മറുചേരി ശ്രമിക്കുന്നതെന്നും പരാതി ഇരുവർക്കും അന്യോന്യം ഉണ്ടായി” എന്നു പറയുന്നത് ശരിയല്ല. കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാർക്കു സ്വീകാര്യമല്ലാത്തത് അവരുടെമേൽ വെച്ചുകെട്ടാൻ മറ്റു പുരോഗമനസാഹിത്യകാരന്മാർ ശ്രമിയ്ക്കുകയുണ്ടായില്ല. അങ്ങിനെയൊരു പരാതി കമ്മ്യൂണിസ്റ്റു സാഹിത്യകാരന്മാർ പ്രകടിപ്പിക്കുകയുണ്ടായില്ല. ഉണ്ടായതിതാണ്: കമ്മ്യൂണിസ്റ്റു പാർട്ടിയുടെ രണ്ടാം കോൺഗ്രസ്സിന്റെ കരട് രാഷ്ട്രീയതീസിസ്സിന്നൊപ്പിച്ച് ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയിട്ടില്ലെന്നുവ്യക്തമാക്കിക്കൊണ്ടും സാമ്രാജ്യമേധാവികളുടെ പാവയായ നെഹ്റുഗവർമ്മേണ്ടിന്നെതിരായി സമരം ചെയ്യാനാഹ്വാനം ചെയ്തുകൊണ്ടുമുള്ള ഒരു രേഖ ഞാനും എം.എസ്സ്. ദേവദാസ്സും ഇ.എം.എസ്സ്. നമ്പൂതിരിപ്പാടുംകൂടി തയ്യാറാക്കി മുൻകൂട്ടി ‘കമ്മ്യൂണിസ്റ്റ് വാരികയിൽ’ പ്രസിദ്ധംചെയ്യുകയും അത് യാതൊരു മാറ്റവുംകൂടാതെ അംഗീകരിക്കാൻ തൃശ്ശൂർസമ്മേളനത്തിൽ ഹാജരായ മറ്റു പുരോഗമനസാഹിത്യകാരന്മാരോടാവശ്യപ്പെടുകയും ചെയ്തു. അവർ സ്വാഭാവികമായും ഈ വെച്ചുകെട്ടലിനെ എതിർത്തു. ഇതാണ് പുരോഗമനസാഹിത്യസംഘടന തകരാനുണ്ടായ മുഖ്യമായ കാരണം. ഇതുതന്നെയാണ് ഞാനെന്റെ ഗുരുവായൂർ പ്രബന്ധത്തിൽ കൂടുതൽ വിസ്തരിച്ചു പ്രതിപാദിച്ചത്.

ഞാനെന്റെ പ്രബന്ധത്തിൽ മറ്റൊരു കാര്യംകൂടി ചൂണ്ടികാണിച്ചിരിക്കുന്നു. പുരോഗമനസാഹിത്യസംഘടനയിൽ ഭിന്നിപ്പുകൂടാതെ കഴിയ്ക്കാനും ഐക്യം നിലനിർത്താനും കമ്മ്യൂണിസ്റ്റ്കാരല്ലാത്ത പല പുരോഗമന സാഹിത്യകാരന്മാരും കിണഞ്ഞു ശ്രമിച്ചു നോക്കുകയുണ്ടായി. പക്ഷേ, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അഭിപ്രായത്തിൽ 1948-ൽ ഭിന്നിപ്പ് അനിവാര്യമായിരുന്നു. അനിവാര്യമായതിനെ തടയാൻ ആർക്കു കഴിയും?

വസ്തുതകൾ ശരിയല്ലെന്നഭിപ്രായമുണ്ടോ?

മാറിമാറി വരുന്ന രാഷ്ട്രീയനയങ്ങൾക്കൊപ്പിച്ച് സാഹിത്യത്തേയും സാഹിത്യപ്രസ്ഥാനങ്ങളേയും സാഹിത്യചരിത്രത്തേയും വിലയിരുത്തുക എന്നത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ ഒരു പുത്തൻ പ്രവണതയല്ല. പക്ഷേ, നമ്മളിവിടെ ചർച്ച ചെയ്യുന്നത് ‘വലതു’ രാഷ്ട്രീയനയമോ ‘ഇടതു’ രാഷ്ട്രീയനയമോ എതാണു ശരി എന്നതിനെപ്പറ്റിയല്ല, 1948–50 കാലത്തു പുരോഗമനസാഹിത്യസംഘടന ഏങ്ങിനെ തകർന്നു നാമാവശേഷമായി എന്നതിനെക്കുറിച്ചുള്ള ചരിത്രവസ്തുതകളെപ്പറ്റിയാണ്. ഞാനെന്റെ പ്രബന്ധത്തിൽ നിരത്തിവെച്ച ചരിത്രവസ്തുതകൾ ശരിയല്ലെന്നോ വളച്ചൊടിക്കപ്പെട്ടവയാണെന്നോ നമ്പൂതിരിപ്പാടിന്നഭിപ്രായമുണ്ടോ? ഉണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചുതന്നാൽ തിരുത്താം.

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ് ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 7

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. എന്താണ് സാഹിത്യം
2. സാഹിത്യ നിരൂപണം
3. സാഹിത്യത്തിലെ മാർക്സിയൻ വീക്ഷണം
4. പുരോഗമന സാഹിത്യം എന്ത്? എന്തിന്?
5. ജീവത്സാഹിത്യവും പുരോഗമന സാഹിത്യവും ചരിത്രപരമായൊരവലോകനം
6. പുരോഗമനസാഹിത്യസംഘടനയുടെ തകർച്ച: കാരണങ്ങളെക്കുറിച്ച് ഒരിക്കൽക്കൂടി
7. അസ്വസ്ഥതയുടെ സാഹിത്യം
8. മലയാളസാഹിത്യത്തിന്റെ ഭാവി
9. വിചാരവിപ്ലവം
10. പാട്ടബാക്കി
11. ‘പാട്ടബാക്കി’യെപ്പറ്റി
12. ഭാഷയും സാഹിത്യവും
13. മലയാളഭാഷയുടെ ഉത്ഭവം
14. ഭാഷയിലെ വിപ്ലവം
15. കവിതയുടെ ഭാവി–മലയാളത്തിൽ
16. ഫോർമലിസം തലപൊക്കുന്നു
17. രാഷ്ട്രഭാഷ എന്തായിരിക്കണം?


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10



സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014